2022 മേയ് 29-ജൂൺ 05 | വില ₹ 30

www.kalakaumudi.com

# കലാകൗമുദി

2439

## അതിജീവിതയുടെ 5 ആവശ്യവും തൃക്കാക്കര അതിജീവനവും

## ചികിത്സയ്ക്ക് ത്രിഡി ഇമേജും ബിഗ് ഡാറ്റയും



# സർക്കാർ കെ.എസ്.ആർ.ടി.സിയുടെ അവസ്ഥയിൽ

ഡോ. ബി. എ. പ്രകാശ്

റിപ്പോർട്ട്

വി.ഡി.ശെൽവരാജ്

# ചികിത്സയ്ക്ക് 3 ഡി ഇമേജിംഗും ബിഗ് ഡാറ്റയും



ശ്രീചിത്രയുടെ ബിരുദദാനചടങ്ങിൽ ഡോ. എം. എസ്. വല്യത്താൻ സംസാരിക്കുന്നു.

മെഡിക്കൽ സാങ്കേതികവിദ്യയുടെ ഗവേഷണ വികസനരംഗങ്ങളിൽ തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഇനി മുന്നേറേണ്ട വഴികൾ ചൂണ്ടിക്കാട്ടിയും ചികിത്സാരംഗത്തെ ഏറ്റവും പുതിയ ആഗോള ചലനങ്ങൾ എടുത്തു കാട്ടുന്നതുമായി ശ്രീചിത്രയുടെ 38-ാം ബിരുദദാനസമ്മേളനം. ശ്രീചിത്രയ്ക്ക് 42 വയസ്സായി. ഇങ്ങനെ തുടർന്നു പോയാൽ മതിയോ? 8 വർഷം കഴിഞ്ഞാൽ സുവർണ്ണജൂബലിയായി. അപ്പോൾ എന്തായിരിക്കണം ശ്രീചിത്രയുടെ സംഭാവന -ശ്രീചിത്രയുടെ സ്ഥാപക ഡയറക്ടർ ഡോ. എം.എസ്. വല്യത്താൻ നിറഞ്ഞ സദസ്സിനോട് ചോദിച്ചത് ഏറെ ആവേശത്തോടെയും അഭിമാനത്തോടെയും. അദ്ദേഹം തന്നെ രണ്ടു നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ത്രിഡി ഇമേജിംഗും ബിഗ് ഡാറ്റയും രോഗനിർണ്ണയത്തിലും ചികിത്സയിലും വലിയ ചലനങ്ങൾ സൃഷ്ടിക്കുകയാണ്. അനാട്ടമി പഠനത്തിലും ശസ്ത്രക്രിയയിലും ത്രിഡി ഇമേജിംഗ് ഒരു വലിയമാറ്റം തന്നെകൊണ്ടു വന്നു കഴിഞ്ഞു. അമേരിക്കയിലെ ക്ലീവ് ലാന്റ് യൂണിവേഴ്സിറ്റിയിൽ പ്രചാരത്തിലായ ഈ സാങ്കേതികവിദ്യ വളരെ വേഗം ആഗോളതലത്തിൽ സ്വീകരിക്കപ്പെടുന്നു. ആദ്യം എക്സ് റേയും പിന്നീട് അൾട്രാസൗണ്ട് സ്കാനിങ്ങും വന്നെങ്കിലും അവയവങ്ങളെ കൂടുതൽ തെളിമയോടെ, ത്രിമാന സ്വഭാവത്തിൽ കാണാനും വിശലകനം ചെയ്യാനും




**ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. വിജയകുമാർ സാരസ്വത് പ്രസംഗിക്കുന്നു**

ശ്രീചിത്രയ്ക്ക് 42 വയസ്സായി. ഇങ്ങനെ തുടർന്നു പോയാൽ മതിയോ? 8 വർഷം കഴിഞ്ഞാൽ സുവർണ്ണജൂബലിയായി. അപ്പോൾ എന്തായിരിക്കണം ശ്രീചിത്രയുടെ സംഭാവന - ശ്രീചിത്രയുടെ സ്ഥാപക ഡയറക്ടർ ഡോ. എം.എസ്. വല്യത്താൻ നിറഞ്ഞ സദസ്സിനോട് ചോദിച്ചത് ഏറെ ആവേശത്തോടെയും അഭിമാനത്തോടെയും. അദ്ദേഹം തന്നെ രണ്ടു നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

അവസരം വന്നത് ഇപ്പോഴാണ്. ഒരു അവയവത്തിന്റെയോ ഞരമ്പിന്റെയോ മുൻഭാഗത്ത് കണ്ട പരിക്ക് പിൻ ഭാഗത്ത് വ്യാപിച്ചോ എന്ന് ഉറപ്പാക്കാനും പെട്ടെന്ന് ചികിത്സ നിശ്ചയിക്കാനും ത്രിഡി ഇമേജിംഗ് സഹായിക്കുന്നു. മൂന്നോ നാലോ സർജൻമാർക്ക് ത്രിഡി ഇമേജ് കണ്ട് ശസ്ത്രക്രിയ എങ്ങനെ വേണമെന്ന് തീരുമാനിക്കാനും ഈ സങ്കേതികവിദ്യ വഴിയൊരുക്കുന്നു.

ശ്രീചിത്രയിലെ റേഡിയോളജി വിഭാഗവും ഹൈദരാബാദിലെ ഐ.ഐ.ഐ.ടിയും ചേർന്ന് ത്രിഡി ഇമേജിംഗ് രംഗത്ത് നടത്തുന്ന ഗവേഷണവികസനങ്ങൾ പ്രത്യാശയോടെ കാണുന്നതായി വല്യത്താൻ പറഞ്ഞു.

അതുപോലെ ബിഗ് ഡാറ്റയുടെ ഉപയോഗവും ചികിത്സാരംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴി യൊരുക്കുകയാണ്. കോവിഡ് മഹാമാരിയുടെ കാലത്ത് യുഎന്നിലെ ഡോക്ടർമാരുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും നമ്മൾ ഓർക്കുന്നുണ്ടാകും. അതിനു പിന്നിൽ ഇന്ത്യയിൽ നിന്നു കിട്ടിക്കൊണ്ടിരുന്ന ഡാറ്റയായിരുന്നു. പതിനായിരകണക്കിന് രോഗികളുടെ ഈ ഡാറ്റ വിശകലനം ചെയ്താണ് അവർ ഓരോ തവണയും പുതിയ നീരിക്ഷണങ്ങളിലേക്കും, മാർഗ്ഗ നിർദ്ദേശങ്ങളിലേക്കും എത്തിച്ചേർന്നത്. എന്നാൽ ഇത്രയും, വലിയ ഡാറ്റ ഇന്ത്യയുടെ പക്കൽ ഉണ്ടായിട്ടും നമുക്ക് ആ വഴിക്ക് സഞ്ചരിക്കാനായില്ല. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിൽ നിന്നു പരുത്തി വാങ്ങി ഇംഗ്ളണ്ടിലെത്തിച്ച് തുണിത്തരങ്ങളായി ഇന്ത്യയിൽതന്നെ വിൽപ്പന നടത്തിയ ചരിത്രമാണ് ഇവിടെ ഓർമ്മവരുന്നത്.

മഹാമാരികൾ അവസാനിക്കുന്നില്ല; ഇനിയും വരും. അതാണ് മഹാമാരിയുടെ ചരിത്രം പറയുന്നത്. അതിനാൽ അടുത്ത മഹാമാരിക്കാലത്തെ നേരിടാൻ ഈ ഡാറ്റ വിശകലനശേഷി നമുക്ക് അനുഭവമാകണം. ഇന്ത്യയിലെ ശാസ്ത്രഗവേഷണസ്ഥാപനങ്ങളുടെ കാര്യമെടുത്താൽ നാലുഘട്ടങ്ങൾ കാണാൻ കഴിയുമെന്ന് ചീഫ് സെക്രട്ടറിയായിരുന്ന, പണ്ഡിതനായ രാമചന്ദ്രൻ നിരീക്ഷിച്ചിട്ടുണ്ട്. ആദ്യത്തെ 15കൊല്ലം പ്രതീക്ഷിയുടേത്, വളർച്ചയുടേതും. അടുത്ത 15 കൊല്ലം സ്ഥാപിത താത്പര്യങ്ങളുടെ, ഗ്രൂപ്പുകളുടെ കാലമാണ്. ഇനിയുള്ള 15 കൊല്ലം സർക്കാർതലത്തിൽ പലതരം അന്വേഷണങ്ങളുടെ കാലമാണ്. ഒടുവിൽ സർക്കാർ ഏറ്റെടുക്കുന്നു. അവസാനഘട്ടത്തിൽ നിയമത്തിന്റെ വഴിയേ മാത്രം പോകുന്ന ഒരു സർക്കാർ സംരംഭമായി ഗവേഷണകേന്ദ്രം അന്ത്യശ്വാസം വലിക്കുന്നു. നമുക്ക് ഇതു സംഭവിക്കരുത്. പണവും കെട്ടിടത്തിന്റെ വലിപ്പവും ജീവനക്കാരുടെ എണ്ണവും അല്ല ഗവേഷണകേന്ദ്രത്തിന്റെ മികവ് പ്രകടമാകുന്ന ഘടകങ്ങൾ. പുതിയ ആശയങ്ങൾ ഇല്ലാതാകുപ്പോഴാണ് സ്ഥാപനങ്ങൾ നശിക്കുന്നത്. സ്ഥാപനങ്ങൾക്കും രോഗവും മരണവും സംഭവിക്കാം.

വാക്സിനുകളുടെ ശേഷി കൂട്ടാൻ ബൂസ്റ്റർ ഡോസ് കൊടുക്കുന്നതുപോലെ നവീനാശയങ്ങൾ സ്ഥാപനങ്ങൾ കൃത്യമായ ഇടവേളയിൽ സ്വീകരിക്കാൻ തയ്യാറാകണം. ഇന്ത്യയിൽ കൊട്ടിഘോഷിച്ച് തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങൾ പലതും പതിറ്റാണ്ടുകൾക്കിടയിൽ മൺമറയുമ്പോൾ, വിദേശത്ത് നൂറ്റാണ്ടു പിന്നിട്ട സ്ഥാപനങ്ങൾ എങ്ങനെ നിലനിൽക്കുന്നു? ഉദാഹരണം പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടും ഓക്സ്ഫഡും. നവീന ആശയങ്ങൾ കൈക്കൊള്ളാനുള്ള താത്പര്യം ഒന്നു മാത്രമാണ് അവരെ യൗവ്വന ഊർജ്ജത്തോടെ മുന്നോട്ടു നയിക്കുന്നത്.

1951 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആദ്യബാച്ച് മെഡിക്കൽ വിദ്യാർത്ഥിയായി ചേർന്നതും പിന്നീട് 20 വർഷം കഴിഞ്ഞ് 1974 ൽ അപ്രതീക്ഷിത ആശയം മുന്നോട്ടു വയ്ക്കുന്നത്. ഒരു ഉപകരണം വികസിപ്പിക്കുന്നതും അത് മൃഗങ്ങളിൽ പരീക്ഷിക്കുന്നതും മെഡിക്കൽ രംഗവുമായി ബന്ധപ്പെട്ടതല്ലെന്ന് അന്ന് ഡോക്ടർമാർ ഉറച്ചു വിശ്വാസിച്ചു. പ്ലാസ്റ്റിക്കും ലോഹവും കൂട്ടിചേർത്ത് ഉപകരണം ഉണ്ടാക്കുന്നതിലും മറ്റും ചികിത്സയുമായി എന്തു ബന്ധം എന്നായിരുന്നു ചോദ്യം. എൻജിനീയറിംഗ് പഠനരംഗത്തെ മുൻ നിരക്കാരായ ഐ.ഐ.റ്റിയുമായി ബന്ധപ്പെട്ടപ്പോൾ അവരുടെ നിലപാടും വിചിത്രമായിരുന്നു. മെഡിക്കൽ ഉപകരണങ്ങൾ വികസിപ്പിച്ചാൽ രോഗികൾക്ക് ഗുണം ചെയ്തേക്കും, എന്നാൽ ഉപകരണം ഉണ്ടാക്കുന്നതിൽ താത്പര്യമില്ലെന്നാണ് ഐ.ഐ.റ്റിയിലെ ഒരു പ്രൊഫസർ തുറന്നടിച്ചത്.

ഈ രണ്ട് അനിശ്ചിതത്വത്തിനിടയിൽ നിന്നു കൊ




**ചെന്നൈ ഐ.ഐ.ടി.ഡയറക്ടർ പ്രൊഫ.കാമകോടി**

മായി ശ്രീചിത്രയിലേക്ക് വന്നതും ഓർമ്മിച്ചാണ് വല്യത്താൻ പ്രസംഗം ആരംഭിച്ചത്. 20 വർഷം ശ്രീചിത്ര എന്റെ കർമ്മഭൂമിയായി. 1970 കളിൽ കേരളത്തിൽ സ്പെഷ്യാലിറ്റി ആശുപത്രികൾ തീരെ കുറവാണ്. അതിനാൽ രോഗികളിൽ പണമുള്ളവർ വെല്ലൂരും ചെന്നൈയിലും ചികിത്സ തേടി. ശ്രീചിത്രയിലേക്ക് എന്നെ ക്ഷണിച്ച മുഖ്യമന്ത്രി അച്യുതമേനോൻ ഈ ദയനീയാവസ്ഥ ആദ്യം തന്നെ ചൂണ്ടിക്കാട്ടിയിരുന്നു. 1972 ലാണെന്ന് തോന്നുന്നു ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രസിദ്ധനായ സർജൻ ഡോ.ഗോപിനാഥ് പറഞ്ഞു, ഇന്ത്യയിൽ ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ നടത്താൻ 5 സ്ഥാപനങ്ങളേ ഉള്ളൂ. ഒരാഴ്ച പരമാവധി 4 ശസ്ത്രക്രിയ നടത്താം. എന്നാൽ എത്രയോ മടങ്ങായിരുന്നു രോഗികളുടെ തിരക്ക്. അതായിരുന്നു 70 കളുടെ അവസ്ഥ. അന്ന് ഡോക്ടർമാർ ചികിത്സയെപ്പറ്റി മാത്രം ചിന്തിച്ചു നടന്ന കാലമാണ്. അപ്പോഴാണ് ശ്രീചിത്ര സെന്റർ, മെഡിക്കൽ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും എന്ന ണ്ടാണ് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ ടെക്നോളജി രംഗത്ത് ചുവടുവച്ചു തുടങ്ങുന്നത്. പിന്നീട് പാർലമെന്റിന്റെ അംഗീകാരമുള്ള, ദേശീയപ്രാധാന്യമുള്ള ഗവേഷണകേന്ദ്രമായി ശ്രീചിത്ര ഉയർന്നു. പ്രധാനമന്ത്രി മൊറാർജിയുടെ പിന്തുണ ഒന്നുകൊണ്ടു മാത്രമാണ് ആ അംഗീകാരം കൈവന്നത്. മെഡിക്കൽ സാങ്കേതികവിദ്യാ ഗവേഷണം എന്ന ആശയം അദ്ദേഹം മടികൂടാതെ സ്വീകരിക്കുകയായിരുന്നു. 1979 ൽ ഇതു സംബന്ധിച്ച ബിൽ രാജ്യസഭ പാസാക്കി. എന്നാൽ മന്ത്രിസഭ രാജിവച്ചതിനാൽ ലോകസഭയിൽ ബിൽ എത്തിയില്ല. 1980 ൽ വന്ന ഇന്ദിരാഗാന്ധി സർക്കാരാണ് പിന്നീട് അത് പാസ്സാക്കിയത്.

മെഡിക്കൽ സാങ്കേതികവിദ്യാ ഗവേഷണം എന്ന ശ്രീചിത്രയുടെ അടിസ്ഥാന കാഴ്ചപ്പാടിനെ പിന്തുണച്ചവരെ ശരിവയ്ക്കുന്നതാണ് 1980 മുതൽ 90 വരെയുള്ള 10 വർഷം കാണാനായത്. ബ്ലഡ് ബാഗും ഓക്സിജനറ്റേറും തുടങ്ങി അഞ്ചോളം ഉപകരണങ്ങളും സാങ്കേതിക വിദ്യയും ഇക്കാലയളവിൽ

വികസിപ്പിച്ച് ആഗോളശ്രദ്ധ നേടി. ഇതിൽ പങ്കാളികളായ എൻജിനീയർമാർ വിദേശത്തു പോയി പഠിച്ചിട്ടില്ല. വിദേശ സഹായം തേടിയുമില്ല. അങ്ങനെ തേടാനോ തേടിയാൽതന്നെ തരാനോ ഉള്ള വിധം വലുതായിരുന്നില്ലല്ലോ അന്നു ശ്രീചിത്ര. പുതിയ വാൽവ് വികസനത്തിൽ പങ്കാളിയായ എൻജിനീയർ ഭുവനേശ്വർ മദ്രാസ് ഐ.ഐ.ടിയിൽ പഠിച്ചുവന്നയാളാണ്. മറ്റൊരു എൻജിനീയർ രമണി കർണ്ണടകയിലെ എൻജിനീയറിംഗ് കോളേജിൽ പഠിച്ചിറങ്ങിയ ചെറുപ്പക്കാരനും. ഓക്സിജനറേറ്റർ വികസിപ്പിച്ചവരിൽ വെങ്കിടേശ്വരൻ എന്ന എൻജിനീയറും വിദേശപരിശീലനമൊന്നും നേടിയിട്ടില്ല. ഇവർ സാങ്കേതികമാർഗ്ഗങ്ങൾ സ്വയം വികസിപ്പിക്കുകയായിരുന്നു. സങ്കീർണ്ണമായ കാര്യങ്ങൾ ശ്രീചിത്ര വികസിപ്പിക്കുമെന്ന് ആരും വിശ്വസിച്ചില്ല. കൃത്രിമ ഹൃദയവാൽവിന്റെ

**ഒരു ഉപകരണം വികസിപ്പിക്കുന്നതും അത് മൃഗങ്ങളിൽ പരീക്ഷിക്കുന്നതും മെഡിക്കൽ രംഗവുമായി ബന്ധപ്പെട്ടതല്ലെന്ന് അന്ന് ഡോക്ടർമാർ ഉറച്ചു വിശ്വാസിച്ചു. പ്ളാസ്റ്റിക്കും ലോഹവും കൂട്ടിചേർത്ത് ഉപകരണം ഉണ്ടാക്കുന്നതിലും മറ്റും ചികിത്സയുമായി എന്തു ബന്ധം എന്നായിരുന്നു ചോദ്യം. എൻജീനിയറിംഗ് പഠനരംഗത്തെ മുൻ നിരക്കാരായ ഐ.ഐ.റ്റിയുമായി ബന്ധപ്പെട്ടപ്പോൾ അവരുടെ നിലപാടും വിചിത്രമായിരുന്നു.**

മെറ്റലിന് വിള്ളൽ ഉണ്ടായപ്പോൾ പ്രശ്നപരിഹാരത്തിന് നാഷണൽ എയ്റോ സ്പേയ്സ് ലാബ് തയ്യാറായി, അതേപോലെ വിവിധ കാര്യങ്ങളിൽ ഐ.എസ്.ആർ.ഒയും നാഷണൽ കെമിക്കൽ ലാബും സഹായിച്ചു. വാൽവ് തുന്നിച്ചേർക്കുന്ന പ്രശ്നത്തിൽ സഹായംതന്നത് കോയമ്പത്തൂരിലെ സൗത്ത് ഇന്ത്യൻ ടെക്സ്റ്റയിൽ അസോസിയേഷനായിരുന്നു. എല്ലാവരും പുഞ്ചിരിയോടെയാണ് സഹായം നൽകിയതെന്ന് എടുത്തു പറയട്ടെ.

ഇന്ന് സ്ഥിതി എന്താണെന്ന് നോക്കൂ. ശ്രീചിത്ര വാൽവ് ഒരു ലക്ഷത്തിലേറെ പേരിൽ തുടിക്കുന്നു. വിവിധ ലോകരാജ്യങ്ങളിലേക്കും കയറ്റുമതി ചെയ്യുന്നു. ബ്ളഡ് ബാഗ് വിൽപ്പനയിൽ ലോക റെക്കാഡിട്ടു. ഇതു പറയുമ്പോൾ തന്നെ കഴിഞ്ഞവർഷം ഇന്ത്യയുടെ മെഡിക്കൽ രംഗത്തെ ഇറക്കുമതി 41,000 കോടിയായിരുന്നു എന്ന കാര്യം അമ്പരപ്പോടെ ഓർമ്മിക്കാം. ഇതിൽ 70 ശതമാനവും മെഡിക്കൽ ഉപകരണങ്ങളായിരുന്നു. ഈപശ്ചാത്തലത്തിൽ മെഡിക്കൽ സാങ്കേതിക ഉപകരണങ്ങളുടെ ഇറക്കുമതി കുറയ്ക്കാൻ നമുക്ക് കഴിയണം. ശ്രീചിത്ര സെന്ററിന് ഇക്കാര്യത്തിൽ വലിയ സംഭാവന നൽകാനാകും.

വൈദ്യശാസ്ത്രവും സാങ്കേതികവിദ്യയും ഒന്നിക്കുന്ന 'മെഡ്ടെക്ക്' മേഖല വൻനേട്ടമുണ്ടാക്കുന്ന കഥകളാണ് ഇപ്പോൾ പറയാനുള്ളത്. സാങ്കേതികവിദ്യയുടെ നേട്ടം വൈദ്യശാസ്ത്രത്തിന്റെ എല്ലാ മേഖലകളിലും വലിയ മുന്നേറ്റമുണ്ടാക്കി-വല്യത്താൻ ചൂണ്ടിക്കാട്ടി.

### മെഡിക്കൽ ഉപകരണങ്ങളിൽ 70% ഇറക്കുമതി

സ്വാതന്ത്ര്യം കിട്ടി 7 പതിറ്റാണ്ടു കഴിഞ്ഞിട്ടും ഇന്ത്യ മെഡിക്കൽ ഉപകരണങ്ങളുടെ 70% ഇറക്കുമതി ചെയ്യുകയാണെന്ന് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. വിജയകുമാർ സാരസ്വത് കണക്കു നിരത്തി. 2020–21ൽ ഇറക്കുമതി 6.25 ബില്യൺ രൂപയുടേത് ആയിരുന്നു. 2019–20 ൽ 5.84 ബില്യൺ രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വിദേശത്തു നിന്നുവരുത്തി. ഇതിൽ ഏറെയും ഇലക്ട്രോണിക് സാമഗ്രികളായിരുന്നു. സർജറിക്കുള്ള ഉപകരണങ്ങൾ, ശരീരത്തിൽ ഘടിപ്പിക്കാനുള്ള ഇംപ്ളാന്റുകൾ എന്നിവയാണ് തൊട്ടുപിന്നിൽ. 2025 ൽ മെഡിക്കൽ ഉപകരണങ്ങളുടെ വിപണി 50 ബില്യൺ ഡോളർ കവിയും. ഈ പശ്ചാത്തലത്തിൽ മെഡിക്കൽ ഉപകരണങ്ങളുടെ ഗവേഷണവികസന മേഖല ഇന്ത്യ ശക്തമാക്കേണ്ടത് കാലഘട്ടത്തിന്റെ അടിയന്തരാവശ്യമാണ്. ഇക്കാര്യത്തിൽ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 5 മെഡിക്കൽ ഉല്പന്നങ്ങളുടെ സാങ്കേതികവിദ്യ സംരംഭകർക്ക് കൈ മാറാനായി. 3 ഇനങ്ങളിൽ വ്യവസായികളുമായി ധാരണപത്രം ഒപ്പിടാനും കഴിഞ്ഞു. ശ്രീചിത്രയിലെ ഗവേഷകർക്ക് വിവിധ കണ്ടുപിടുത്തങ്ങളിലൂടെ കഴിഞ്ഞവർഷം 14 ഇന്ത്യൻ പേറ്റന്റും 9 വിദേശ പേറ്റന്റും നേടാനായി. ക്ളിനിക്കൽ സയൻസിനെ മെഡിക്കൽ ടെക്നോളജിയുമായി ബന്ധപ്പെടുത്തി കൂടുതൽ മുന്നേറാൻ ശ്രീചിത്രയ്ക്ക് കഴിയും. അത് രോഗികളുടെ വേദന കുറയ്ക്കാൻ സഹായിക്കും. മുൻരാഷ്ട്രപതി അബ്ദുൾ കലാം ഒരിക്കൽ പറഞ്ഞു, മെഡിക്കൽ വിദ്യാർത്ഥികൾ പ്രതിജ്ഞ എടുക്കേണ്ടത് 'ഞങ്ങൾ രോഗികളുടെ വേദന കുറയ്ക്കും' എന്നാണെന്ന്. മെഡിക്കൽ സാങ്കേതിക വിദ്യയുടെ ഗവേഷണവികസനത്തിലൂടെ ലഭ്യമാകുന്ന നേട്ടങ്ങൾ എല്ലാവിഭാഗം രോഗികളുടെയും വേദന കുറയ്ക്കുമെന്നതിൽ സംശയമില്ല. ശ്രീചിത്രയിൽ പണി പുരോഗമിക്കുന്ന 182 ബഡുള്ള പുതിയ ബ്ളോക്ക് അടുത്ത മാർച്ചിൽ തുറന്നുകൊടുക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു.

### ഡാറ്റയാണ് ഡോക്ടർ

ഡോക്ടർമാരും സാങ്കേതികവിദഗ്ദ്ധരും ഒന്നിക്കേണ്ട കാലമാണിതെന്ന് ചടങ്ങിൽ സംസാരിച്ച മദ്രാസ് ഐ.ഐ.റ്റി ഡയറക്ടർ പ്രൊഫ. ഡി.കാമകോടി പറഞ്ഞു. ചികിത്സയ്ക്ക് അപ്പുറം ജനതയുടെ പൂർണാരോഗ്യമാണ് ലക്ഷ്യം. ഇതിന് തുടർച്ചയായ നിരീക്ഷണം വേണം. കോവിഡ് കാലത്ത് രോഗിയെ സ്പർശിക്കാതെ, നേരിൽ കാണാതെ കൺസൾട്ടേഷൻ (കോൺടാക്റ്റ്ലെസ് കൺസൾട്ടേഷൻ)വ്യാപകമായി. ഇതുവഴി



**മികച്ച ഗവേഷണത്തിനുള്ള പ്രഥമ എം.എസ്. വല്യത്താൻ പുരസ്കാരം ഡോ. വല്യത്താൻ സമ്മാനിക്കുന്നു.**

വലിയ തോതിൽ ഡാറ്റ ശേഖരണവും ഉണ്ടായി. രോഗികളുടെ സ്ഥിതിവിവരകണക്ക് എന്ന ബിഗ് ഡാറ്റ ഈ തലമുറയുടെ മാത്രമല്ല അടുത്ത തലമുറയുടെ സൗഖ്യത്തിനും ഉപയോഗിക്കാനാകും. വിദേശത്തുള്ള എന്റെ സുഹൃത്ത് മകളുടെ ശസ്ത്രക്രിയയ്ക്കായി അവിടെ ആശുപത്രിയെ സമീപിച്ചപ്പോൾ 10 പ്രൊസീജിയർ വേണമെന്ന് ഡോക്ടർ പറഞ്ഞു. മദ്രാസിലെ ആശുപത്രിയെ സമീപിച്ചപ്പോൾ പ്രൊസീജിയർ 7000 ആയി. ഇത് വിപുലമായ വിവരശേഖരമാണ്. ഇത്തരം ശേഖരം ഭാവികാല ചികിത്സയ്ക്ക് നിർണ്ണായകമാണ്. ചെറുപ്പക്കാരായ ഡോക്ടർമാർക്ക് ഡാറ്റ കൈകാര്യം ചെയ്ത് വേഗം ടെക്നോളജിസ്റ്റുകളായി മാറാനും വിശകലനവിശാരദരാകാനും എളുപ്പമാണ്. ഒരേസമയം രണ്ടു ഡിഗ്രി എന്ന ആശയം യുജിസി അംഗീകരിച്ചിട്ടുണ്ട്. മെഡിക്കൽ ബിരുദംനേടിയ ഡോക്ടർമാർ ഡാറ്റ സയൻസിലും ബിരുദം നേടാൻ ഞാൻ അഭ്യർത്ഥിക്കുന്നു. മദ്രാസ് ഐ.ഐ.റ്റി നടത്തുന്ന ബിഎസ്സി ഡാറ്റ സയൻസ് ഓൺലൈൻ കോഴ്സിന് 12,500 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിന് ഗേറ്റോ, ജെ.ഇ.ഇ പരീക്ഷയോ ഇല്ല. മെഡിക്കൽ ടെക്നോളജിസ്റ്റിന്റേതാണ് ഭാവികാലം. 'ഫിസിഷ്യൻ സയന്റിന്റുമാർ' ലോകത്തിന്റെ ചാലകശക്തിയാണ്. കൊളസ്ട്രോൾ, ഷുഗർ തുടങ്ങിയവ രോഗങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളാണെന്ന് നിർണ്ണയിക്കാൻ സാധിച്ചതിനു പിന്നിൽ മെഡിക്കൽ ടെക്നോളജിസ്റ്റുകൾക്ക് വലിയ പങ്കുണ്ട്.

പരമ്പരാഗത ഇന്ത്യൻ ചികിത്സാരീതിയുടെ കാര്യപ്രാപ്തി ശാസ്ത്രീയമായി തെളിയിക്കാനും യുവഡോക്ടർമാർ തയ്യാറാകണം. കോവിഡ് കാലത്ത് എനിക്കും കുടുംബത്തിനും രക്ഷയായത് ഇന്ത്യയുടെ പരമ്പരാഗത ചികിത്സാരീതി ആയിരുന്നു. വൈദ്യശാസ്ത്രവും സാങ്കേതികവിദ്യയും ചേർന്ന് പുതിയ കണ്ടെത്തൽ നടത്തുമെന്ന പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ടാണ് കാമകോടി പ്രസംഗം അവസാനിപ്പിച്ചത്.

ചടങ്ങിൽ സ്വാഗതം പറഞ്ഞ ശ്രീചിത്ര ഡയറക്ടറും സി.ഇ.ഓയുമായ പ്രൊഫ.സഞ്ജയ് ബിഹാരി സ്ഥാപനത്തിന്റെ ഗവേഷണ നേട്ടങ്ങൾ എടുത്തു പറഞ്ഞു. 253 കിടക്കകളുള്ള ആശുപത്രിയിൽ കഴിഞ്ഞ വർഷം 1.42 ലക്ഷം രോഗികൾ ചികിത്സ നേടി. 2579 ശസ്ത്രക്രിയ നടത്തി. 317 ശാസ്ത്രലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. നവജാതശിശുക്കൾക്ക് ചൂടു പകരാനുള്ള ഉപകരണത്തിനായി ശ്രീചിത്ര വികസിപ്പിച്ച സാങ്കേതിക വിദ്യ കെൽട്രോണിന് കൈമാറിയെന്നും അദ്ദേഹം അറിയിച്ചു.

ചടങ്ങിൽ 168 പേർ ബിരുദം സ്വീകരിച്ചു. ശ്രീചിത്രയുടെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ മികച്ച ഗവേഷകർക്ക് ആദ്യമായി ഏർപ്പെടുത്തിയ ഡോ. എം.എസ്.വല്യത്താൻ പുരസ്കാരം, വല്യത്താൻ നേരിട്ട് സമ്മാനിച്ചത് അവിസ്മരണീയമായി. കാർഡിയോളജി വിഭാഗത്തിലെ ഡോ.എസ.ഹരികൃഷ്ണൻ മികച്ച ഗവേഷകനുള്ള പുരസ്കാരം നേടി. എൻജിനീയർ ശരത് എസ്.നായർ (ബയോമെഡിക്കൽ), ഡോ.അനൂപ് കുമാർ (മോളികുളർ മെഡിസിൻ), ഡോ. ജീമോൻ (പബ്ളിക്ക് ഹെൽത്ത്) എന്നിവരാണ് മറ്റു മേഖലകളിലെ മികച്ച ഗവേഷണത്തിനുള്ള അവാർഡ് നേടിയത്.